പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 116 — 06/01/2014 ൽ മറുപടി നൽകേണ്ടിയിരുന്നത്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; അതനുസരിച്ച് അനുവദിക്കാവുന്ന ധനസഹായം എത്രയാണ്; | (എ) ) 1. ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.<br>2. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/-(ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.<br>3. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.<br>4. ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.<br>5. അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർക്ക് 2000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രിക്ക് 5000/- രൂപ വരെയും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപ വരെ അനുവദിക്കുന്നു. തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, ഇടിമിന്നൽ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10000/- രൂപ വരെയും ഇടിമിന്നൽ മൂലമുള്ള മരണങ്ങൾക്ക് 1,00,000/- രൂപവരെ യും അനുവദിക്കുന്നു. കടൽക്ഷോഭം മൂലമുണ്ടാകുന്ന ദുരന്തത്തിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടുംബത്തിന് 1,00,000/- രൂപ വരെയും, കുട്ടികൾക്ക് 50,000/- രൂപ |

വരെയും, മാരകമായി പരിക്കേൽക്കുന്നവർക്ക് 35,000/- രൂപയും, ഒരാഴ്ച യിൽ കൂടുതൽ ആശുപത്രിയിൽ കിടക്കുന്നവർക്ക് 7500 രൂപയും, ഒരാഴ്ച യിൽ കുറവ് ആശുപത്രിയിൽ കിടക്കുന്നവർക്ക് 2500/- രൂപയും, ടി പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്ക് താഴെപറയും വിധവും ധനസഹായം അനുവദിക്കുന്നു.

| | |
|---|---|
| പൂർണ്ണമായി തകർന്ന (Pucca) വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് പരമാവധി | -25,000/- രൂപ |
| Kutcha വീടുകൾക്ക് | -10,000/- രൂപ |
| ഭാഗികമായി തകർന്ന പക്കാ വീടുകൾക്ക് | - 5,000/- രൂപ |
| കച്ചാ വീടുകൾക്ക് | - 2,500/- രൂപ |
| 15% വരെ കേടുപാടുകൾ സംഭവിച്ച | |
| പക്കാ വീടുകൾക്ക് | - 2,500/- രൂപ |
| കച്ചാ വീടുകൾക്ക് | - 1,500/- രൂപ |
| പൂർണ്ണമായി തകർന്ന കുടിലുകൾക്ക് | - 2,000/- രൂപ |

വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7500/- രൂപയും, ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500/- രൂപയും നൽകുന്നു

1. അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ ധനസഹായവും അപകടത്തിൽ പരുക്കേൽക്കുന്നവർക്ക് പതിനായിരം രൂപ ചികിത്സാ സഹായവും നൽകുന്നു.

2. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപാവീതം എന്ന നിരക്കിൽ ധനസഹായം നൽകുന്നു.

3. സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർ ത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളി ലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000/- രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 1,00,000/- വും അതിലധികവും രൂപ സാമ്പത്തിക സഹായമായി നൽകിയ കേസുകളെത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി)

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 492 |
| കൊല്ലം | 433 |
| പത്തനംതിട്ട | 144 |
| ആലപ്പുഴ | 550 |
| കോട്ടയം | 380 |
| ഇടുക്കി | 105 |
| എറണാകുളം | 341 |
| തൃശ്ശൂർ | 263 |
| പാലക്കാട് | 261 |
| മലപ്പുറം | 459 |
| കോഴിക്കോട് | 255 |
| വയനാട് | 76 |
| കണ്ണൂർ | 305 |
| കാസർഗോഡ് | 176 |

(സി) ഈ കാലയളവിൽ ഏറ്റവും കൂടുതൽ തുക നൽകിയ പത്ത് കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി)

| ക്രമ നം. | പേരും വിലാസവും | തുക | അപകടത്തിന്റെ സ്വഭാവം |
|---|---|---|---|
| 1 | സംഗീതാ നായർ, W/o late മണിയൻ പിള്ള, കൈതറ പൊയ്ക വീട്, പൂയപ്പള്ളി, കൊട്ടാരക്കര | 10 ലക്ഷം | മോഷ്ടാവിന്റെ കുത്തേറ്റു മരിച്ച പോലീസ് ഓഫീസറുടെ ആശ്രിതർക്ക് |
| 2 | ജോർജ്ജ് കുട്ടി, F/o ജോമോൻ ജോർജ്ജ്, പൊറ്റേച്ചിറ ചേന്നം, പള്ളിപ്പുറം | 10 ലക്ഷം | ഉത്തരാഖണ്ഡിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനത്തിനിടെ മരണപ്പെട്ടതിന് |
| 3 | സിസിലി, കൽപ്പകശ്ശേരൽ, കല്ലറ, വൈക്കം | 657429 | സ്വന്തം ചികിത്സ |
| 4 | ശ്യാംദാസ്, S/o ഭാസൻ | 8 ലക്ഷം | സ്കൂളിൽവച്ച് ഡിസ്കസ്ത്രോയുടെ |

| | | | |
|---|---|---|---|
| | മഠത്തിൽപ്പറമ്പിൽ നെടുമ്പാശ്ശേരി | | ഡിസ്ക് തലയിൽവീണ് ഗുരുതരമായ പരുക്ക് |
| 5 | ഔസേപ്പച്ചൻ, പടവുപുരയ്ക്കൽ, സൗത്ത് ചെല്ലാനം | 7 ലക്ഷം | കടൽക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടു. |
| 6 | വർഗ്ഗീസ്, പടവുപുരയ്ക്കൽ, സൗത്ത് ചെല്ലാനം | 6 ലക്ഷം | കടൽക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെട്ടു. |
| 7 | സംഗീത സംവിധായകൻ ജോൺസൺ മാസ്റ്റർ | 601303 | |
| 8 | വിനോൾജി ജോർജ്ജ്, വേങ്ങോട്ടിൽ അകനപാടം, നിലമ്പൂർ | 15 ലക്ഷം | മക്കളുടെ മുങ്ങിമരണം |
| 9 | ബീവി അസ്റ, പൊന്നാങ്കല്ലിൽ, അമലമ്പലം, നിലമ്പൂർ | 685000 | വീട് പണിയുന്നതിന് |
| 10 | ഹാരൂൺ, അറയിലകത്ത് എടവണ്ണ, ഏറനാട് | 540887 | മകന്റെ ചികിത്സയ്ക്ക് |

(ഡി) ഒരേ സ്വഭാവത്തിലുള്ള ചികിത്സാ ആവശ്യങ്ങൾക്ക് വ്യത്യസ്ഥ നിരക്കിൽ ധന സഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിനിടയായ സാഹ ചര്യം എന്താണ് ;

(ഡി) ഉണ്ട്. കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ, അപകടത്തിന്റെ ദയനീയത, ജീവിത സാഹചര്യം എന്നീ സാഹചര്യങ്ങൾ പരിഗണിച്ച് മന്ത്രിസഭാ തീരുമാന പ്രകാരവും മുഖ്യമന്ത്രിയുടെ വിവേചനാധികാരമുപയോഗിച്ചുമാണ് ധന സഹായം അനുവദിക്കുന്നത്

(ഇ) സഹായമനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ തീയതിയെ അടിസ്ഥാ നപ്പെടുത്തി മുൻഗണനാക്രമ ത്തിലാണോ പണം അനുവ ദിച്ചുവരുന്നത്; 2013 ആഗസ്റ്റ് 31 -ന് മുമ്പ് ഉത്തരവ് ലഭിച്ച ആളിനെ മറികടന്ന് അതിന് ശേഷം ജനസമ്പർക്ക പരിപാ ടിയിൽ പങ്കെടുത്തവർക്ക് പണം നൽകിയിട്ടുണ്ടോ;

(ഇ) ഉത്തരവാകുന്ന തീയതിയുടെ മുൻഗണനാക്രമത്തിലാണ് കക്ഷികൾക്ക് തുകയനുവദിക്കുന്നത്. എന്നാൽ തുടർ ചികിത്സയിലിരിക്കുന്നവർക്ക് ശസ്ത്രക്രിയ, കീമോതെറാപ്പി, ഡയാലിസിസ് തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിൽ മുൻഗണനാ ക്രമത്തിലല്ലാതെ തുക അനുവദിക്കാറുണ്ട്.

ജനസമ്പർക്ക പരിപാടിയ്ക്കായി പ്രത്യേക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടായിരുന്നതിനാൽ ആഗസ്റ്റ് 31-നു മുമ്പ് ഉത്തരവ് ലഭിച്ച ആളിനെ മറികടന്ന് ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്തവർക്ക് പണം നൽകിയിട്ടില്ല.

(എഫ്) 2013 ഡിസംബർ 31-ന് മുമ്പ് ഉത്തരവായ എത്ര കേസ്സുകളിൽ ഇപ്പോഴും പണം നൽകിയിട്ടില്ലെന്ന് വ്യക്തമാക്കുമോ?

(എഫ്)

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2286 |
| കൊല്ലം | 1074 |
| പത്തനംതിട്ട | 2107 |
| ആലപ്പുഴ | 2350 |
| കോട്ടയം | 1304 |
| ഇടുക്കി | 1099 |
| എറണാകുളം | 676 |
| തൃശ്ശൂർ | 698 |
| പാലക്കാട് | 1057 |
| മലപ്പുറം | 959 |
| കോഴിക്കോട് | 446 |
| വയനാട് | 200 |
| കണ്ണൂർ | 194 |
| കാസർഗോഡ് | 545 |

സെക്ഷൻ ഓഫീസർ.